## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

വിഷയം:-ആ.വ.ഡ-സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ/ ട്രീറ്റ്മെന്റ് ഓർഗനൈസർ/ ട്രീറ്റ്മെന്റ് ഓർഗനൈസർ (TB) എന്നീ ഉദ്യോഗസ്ഥരുടെ ചുമതലകൾ പുന:ക്രമീകരിക്കുന്നത് ഉത്തരവ് സംബന്ധിച്ച്.

പരാമർശം:- ബഹു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം.

**ഉത്തരവ് നം. ഒ & എം4 - 3601/2020 / ആ.വ.ഡ തീയതി 27/06/2020**

കോവിഡ് -19-ന്റെ പശ്ചാത്തലത്തിൽ ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്. ക്ഷയരോഗ കാരണമുള്ള മരണങ്ങൾ, ക്ഷയരോഗം കാരണം കുടുംബത്തിനുള്ള അധിക സാമ്പത്തിക ബാദ്ധ്യത, ക്ഷയരോഗം കാരണമുള്ള ബുദ്ധിമുട്ടുകൾ എന്നിവ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്നത് ലക്ഷ്യമായി ആരോഗ്യ വകുപ്പിലെ സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ/ ട്രീറ്റ്മെന്റ് ഓർഗനൈസർ എന്നീ ഉദ്യോഗസ്ഥരുടെ ചുമതലകൾ താഴെ പറയും വിധം പുന: ക്രമീകരിച്ച് ഉത്തരവാകുന്നു.

**സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ /ട്രീറ്റ്മെന്റ് ഓർഗനൈസർ (TB) ചുമതലകൾ**

1. PMDT (Programmatic Management of Drug Resistant TB) സ്വകാര്യ ആശുപത്രികളുടേയും ഡോക്ടർമാരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക. TB –HIV കോർഡിനേഷൻ, കേരള ടി.ബി എലിമിനേഷൻ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള NTEP-യുടെ ഭരണപരമായ കാര്യനിർവ്വഹണത്തിൽ ജില്ലാ ടി.ബി ആഫീസർ, MOTC, ബ്ലോക്ക് മെഡിക്കൽ ആഫീസർ, മെഡിക്കൽ ആഫീസർ, പി.എച്ച്.സി എന്നിവരെ സഹായിക്കുക.
2. അംഗീകൃത ലാബുകൾ, സ്വകാര്യ ആശുപത്രികൾ, രോഗനിർണ്ണയം നടക്കുന്ന സ്ഥലങ്ങളുമായി കോർഡിനേറ്റ് ചെയ്ത് STLS –ന് ഒപ്പം TU പ്രദേശത്ത് രോഗനിർണ്ണയം നടത്തിയിട്ടുള്ള മുഴുവൻ ക്ഷയരോഗ കേസുകളും നിക്ഷയിൽ നോട്ടിഫൈ ചെയ്യുക.
3. TU പ്രദേശത്തെ എല്ലാ ക്ഷയരോഗികളുടെ എല്ലാ Contacts നെയും ക്ഷയരോഗ സാധ്യത കൂടിയ വ്യക്തികളെയും കൃത്യമായ ഇടവേളകളിൽ സ്ക്രീൻ ചെയ്യുവാനും ആവശ്യാനുസരണം ടെസ്റ്റ്ചെയ്യുവാനും പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെയും ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരേയും ഏകോപിക്കുകയും സുഗമമായ നടത്തിപ്പിന് സഹായിക്കുകയും ചെയ്യുക.

4. രോഗം നിർണ്ണയിച്ചവർക്ക് കൃത്യമായ ചികിത്സ ഉറപ്പുവരുത്തുവാൻ പ്രാഥമികാരോഗ്യ സംവിധാനങ്ങളെ സഹായിക്കുക.

5. ചികിത്സ ഇടക്കുവെച്ച് നിർത്തിപോകുന്ന ക്ഷയരോഗികളെ തിരിച്ച് ചികിത്സയിലേക്ക് മടക്കികൊണ്ടുവരാൻ പ്രാഥമികാരോഗ്യ സംവിധാനങ്ങളെയും ബന്ധപ്പെട്ട ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരേയും സഹായിക്കുക.

6. TU തലത്തിൽ ടി.ബി രജിസ്റ്റർ, രോഗികളെ സംബന്ധിച്ച് മുഴുവൻ വിവരങ്ങൾ ക്രോഡീകരിച്ച് യഥാസമയം ലഭ്യമാക്കുക.

7. മറ്റ് സ്ഥലങ്ങളിൽ നിന്ന് TU ന് ഉള്ളിലേക്ക് റഫർ ചെയ്യപ്പെടുന്നവരേയും, TU ന് ഉള്ളിൽ നിന്ന് പുറത്തേയ്ക്ക് റഫർ ചെയ്യേണ്ടിവരുന്നവരുടേയും റഫറൽ കൃത്യമായി ഉറപ്പുവരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഏകോപനം നടത്തി രോഗിയ്ക്ക് ചികിത്സകിട്ടി എന്ന് ഉറപ്പാക്കുക.

8. NTEP റിപ്പോർട്ടുകൾ തയ്യാറാക്കാൻ MOTC/ Block MO യെ സഹായിക്കുകയും അവ യഥാസമയം ജില്ലാ ടി.ബി ആഫീസർക്ക് സമർപ്പിക്കുകയും ചെയ്യുക.

9. TU വിലുള്ള എല്ല് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങളും മാസത്തിൽ ഒരിക്കൽ കൃത്യമായി സന്ദർശിച്ച് ക്ഷയരോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിഷ്കർഷിക്കുന്ന രീതിയിൽ നടത്താൻ ആവശ്യമായ സഹായങ്ങൾ നൽകുക.

10. സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ DRTB ഉൾപ്പെടെയുള്ള മരുന്നുകളുടെ കൃത്യമായ ലഭ്യത ഉറപ്പാക്കാൻ ജില്ലാ ടി.ബി ഓഫീസർ, MOTC / Block MO എന്നിവരെ സഹായിക്കുക

11. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പരിപാലിക്കുവാനും, നിക്ഷയ് ഔഷധി വഴിമരുന്നുകൾ നൽകുവാനും എക്സ്പൈയറി ആകാതെ നോക്കുവാനും സഹായിക്കുക.

12. ചികിത്സക്കിടയിൽ മരണപ്പെട്ട പോകുന്നവരുടേയും ചികിത്സ ഇടയ്ക്ക് വച്ച് നിർത്തിയവരുടെതുമായ അവശേഷിക്കുന്ന മരുന്നുകൾ തിരികെസംഘടിപ്പിച്ച് ജില്ലാതലത്തിൽ പുനക്രമീകരണം നടത്തുവാൻ സഹായിക്കുക.

13. രോഗികളെ ചികിത്സാകാലയളവിൽ ഒരിക്കലെങ്കിലും കണ്ട് ആരോഗ്യ ബോധവത്കരണം, കൗൺസിലിംഗ് എന്നിവ രോഗിക്കും കുടുംബത്തിനും നൽകുക. രോഗിക്ക് ലഭ്യമാകാതെപോയ പൊതുജനാരോഗ്യ സേവനങ്ങളായ UDST, DBT, INH Prophylaxis, Contact tracing, HIV Testing, Fortnightly Clinical Review, AIC kit, TB Pension എന്നിവ ഉണ്ടെങ്കിൽ അത് ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി

ചേർന്ന് നടപടികൾ കൈക്കൊള്ളുക. ഈ വിവരങ്ങൾ നിക്ഷയിൽ രേഖപ്പെടുത്തുന്നതിന് സഹായിക്കുക.

14. രോഗീ കൂട്ടായ്മകൾ, ട്രീറ്റ്മെന്റ്സപ്പോർട്ട് ഗ്രൂപ്പ്, സാമൂഹ്യ കൂട്ടായ്മകൾ, ടാസ്ക്ഫോഴ്സുകൾ എന്നിവയുടെ സുഗമമായ നടത്തിപ്പിന് വേണ്ട സഹായങ്ങൾ ചെയ്യുക.

15. കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന ലേറ്റന്റ് ടി.ബി ഇൻഫെക്ഷൻ പദ്ധതിയിൽ യോഗ്യതയുള്ളവരെ കണ്ടെത്തുവാനും പരിശോധന നടത്തുവാനും ആവശ്യമായവർക്ക് ചികിത്സ തുടങ്ങുവാനും ചികിത്സയുടെ പൂർത്തീകരണത്തിന് പിൻതുണ നൽകുവാനും പ്രാഥമികാരോഗ്യ സംവിധാനങ്ങളെ സഹായിക്കുക.

16. നിക്ഷയ്-യുടെയും വിവരസാങ്കേതിക സംവിധാനങ്ങളുടേയും സുഗമമായ നടത്തിപ്പിന് ആവശ്യമായ പരിശീലനവും തുടർ പരിശീലനവും നൽകി പ്രാഥമികാരോഗ്യതലം, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള ചികിത്സാസംവിധാനങ്ങളെ അതിന്റെ പരിവർത്തന നിർവ്വഹണത്തിന് സഹായിക്കുക.

17. എല്ലാ രോഗികൾക്കും പ്രോഗ്രാം നിഷ്കർഷിക്കുന്ന ഡ്രഗ് റസിസ്റ്റന്റ് ടെസ്റ്റിംഗ് ലഭിച്ചു എന്ന് ഉറപ്പു വരുത്താനും ഡ്രഗ്റസിസ്റ്റന്റ് ട്രീറ്റ്മെന്റ് കാർഡുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കുവാനും STLS, PMDT കോർഡിനേറ്റർ MOTC ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുമായുള്ള ഏകോപനത്തിലൂടെ സാധ്യമാക്കുക.

18. ട്രീറ്റ്മെന്റ് സപ്പോർട്ടർമാരെ കണ്ടെത്തുവാനും പരിശീലനവും തുടർപരിശീലനവും നൽകുവാനും പ്രാഥമികാരോഗ്യ സംവിധാനങ്ങളെയും സ്വകാര്യ ആശുപത്രികളേയും സഹായിക്കുക.

19. നിക്ഷയ് വഴി രോഗികൾ, ട്രീറ്റ്മെന്റ് സപ്പോർട്ടർ, സ്വകാര്യ ആശുപത്രികൾ എന്നിവർക്കുള്ള DBT യഥാസമയം ലഭ്യമാക്കുവാൻ എല്ലാകേസുകളും നോട്ടിഫൈ ചെയ്യപ്പെട്ടു എന്നും, നിക്ഷയ്-ൽ നൽകിയിരിക്കുന്ന അക്കൗണ്ട് വിവരങ്ങൾ കൃത്യമാണെന്നും നോക്കി, ഡ്യൂപ്ലിക്കേറ്റ് എൻട്രികൾ കണ്ടെത്തി പരിഹരിച്ച്, Beneficiary list തയ്യാറാക്കാൻ MOTC-യെ സഹായിക്കുക. ബാങ്ക് അക്കൗണ്ട്, ആധാർ എന്നിവ ഇല്ലാത്ത രോഗികൾക്ക് അവ ലഭ്യമാക്കുവാൻ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവയുമായിചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

20. ടി.ബി എലിമിനേഷനുവേണ്ടി TU ടാസ്ക്ഫോഴ്സ് കൃത്യമായി കൂടി റിപ്പോർട്ട് വിലയിരുത്തുവാൻ MOTC-യെ സഹായിക്കുക Spot map, Presumptive TB Map എന്നിവയഥാസമയം തയ്യാറാക്കുക, താഴെതട്ട് വരെ കൃത്യമായ പരിശീലനങ്ങൾ

നൽകാൻ MOTC-യെ സഹായിക്കുക. പ്രാഥമികാരോഗ്യ സംവിധാനങ്ങൾക്ക് ശക്തികുറഞ്ഞ നഗരമേഖലകളിൽ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുകയും സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാൻ ആവശ്യമായ നടപടികൾക്ക് സഹായിക്കുകയും ചെയ്യുക. നിഷ്കർഷിച്ചിരിക്കുന്ന 48 പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും പ്രശ്നപരിഹാര നടപടികൾ കൈക്കൊള്ളുവാനും MOTC യേയും ബ്ലോക്ക് മെഡിക്കൽ ആഫീസറേയും പി.എച്ച്.സി മെഡിക്കൽ ഓഫീസറേയും സഹായിക്കുക.

21. ജില്ലാ മെഡിക്കൽ ആഫീസർ നൽകുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

ജോലിഭാരം കൂടുകയാൽ TU-ന്റെ എണ്ണംകൂട്ടി. ട്രീറ്റ്മെന്റ്ഓർഗനൈസർ തസ്തികയിൽ ആശുപത്രിയിലുള്ള ഉദ്യോഗസ്ഥരെ ഫീൽഡിലേയ്ക്ക് പുന:ക്രമീകരിക്കുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാർ നടപടി സ്വീകരിക്കണം.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ചുമതലകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായും പാലിയ്ക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.സരിത.ആർ.എൽ
ആരോഗ്യ വകുപ്പ് ഡയറക്ടർ

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ സി.എ, അഡീഷണൽ ഡയറക്ടർ (പി.എച്ച്), അഡീഷണൽ ഡയറക്ടർ (എ & റ്റി)
3) ഫയൽ/ കരുതൽ ഫയൽ.

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

എം.എസ് 01/07/2020